**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3545** **27-06-2024 - ൽ മറുപടിയ്ക്ക്**

**ആലത്തൂർ മണ്ഡലത്തിൽ കേരഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ .ഡി.പ്രസേനൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കേരഗ്രാമം പദ്ധതി മുഖേന ആലത്തൂർ മണ്ഡലത്തിൽ നാളികേര കൃഷിയിൽ എന്തെല്ലാം പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ആലത്തൂർ മണ്ഡലത്തിലെ വണ്ടാഴി കൃഷി ഭവൻ പരിധിയിൽ 100 ഹെക്ടറിൽ കേരഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വണ്ടാഴി ഗ്രാമ പഞ്ചായത്തിൽ 17500 എണ്ണം തെങ്ങുകൾക്ക് തടം തുറക്കുകയും അതിൽ രാസവളങ്ങളും ജൈവവളങ്ങളും നൽകുകയും ചെയ്തിട്ടുണ്ട്. ജലസേചന സൗകര്യം കുറവുള്ള സ്ഥലത്ത് 33 മോട്ടോർ പമ്പുസെറ്റുകൾ നൽകുകയും ഇവ ഉപയോഗിച്ച് ജലസേചനം നടത്തുകയും, അതിന്റെ ഫലമായി തെങ്ങുകളുടെ ഉത്പാദനം വർദ്ധിപ്പിക്കുവാൻ കഴിയുകയും ചെയ്തിട്ടുണ്ട്. 25 തെങ്ങു കയറ്റ യന്ത്രങ്ങൾ ഈ പദ്ധതി മുഖേന കർഷകർക്ക് നൽകുകയുണ്ടായി. ഒന്നാം വർഷ കേരഗ്രാമം പദ്ധതിയിൽ 22.88246 ലക്ഷം രൂപ അനുവദിക്കുകയും ആയത് പദ്ധതിക്കായി ചിലവഴിക്കുകയും ചെയ്തിട്ടുണ്ട്. രണ്ടാം വർഷ കേരഗ്രാമം പദ്ധതി ഇതേ പഞ്ചായത്തിന് 8 ലക്ഷം രൂപ നൽകുകയും ഇത് ഉപയോഗിച്ച് 17500 തെങ്ങുകൾക്ക് കുമ്മായം, ഡോളോമൈറ്റ്, ജൈവ വളം സൂക്ഷ്മമൂലകങ്ങൾ എന്നിവ നൽകുകയും ആയതിന്റെ ഉപയോഗം മൂലം ഉല്പാദനക്ഷമത വർദ്ധിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. |

**1. വണ്ടാഴി കേരഗ്രാമം 2022-23 ആദ്യ വർഷം**

| ക്രമ. നം | ഘടകം | ഭൗതിക നേട്ടം | സാമ്പത്തിക നേട്ടം |
|---|---|---|---|
| 1. | തടം തുറക്കൽ | 17500 തെങ്ങുകൾ | 6,12,500 |
| 2 | രാസവളം | 17500 കി .ഗ്രാം | 2,97500 |
| 3 | ജൈവ വളം | 100 ha | 10,10000 |
| 4 | ജലസേചന പമ്പ്സെറ്റ് | 33 nos | 2,50,000 |
| 5 | തെങ്ങു കയറ്റ് യന്ത്രം | 25 nos | 50,000 |
| 6 | കൃഷി ഭവനുള്ള പ്രവർത്തന സഹായം | | 7000 |
| 7 | കേര സമിതിക്കുള്ള | | 61246 |

| | | | |
|---|---|---|---|
| | | | ധനസഹായം | | |

**വണ്ടാഴി കേരഗ്രാമം - രണ്ടാം വർഷം**

| ക്രമ. നം | ഘടകം | ഭൗതിക നേട്ടം | സാമ്പത്തിക നേട്ടം |
|---|---|---|---|
| 1. | കുമ്മായം / ഡോളോമൈറ്റ് | 17500തെങ്ങുകൾ | 2,96,875 |
| 2 | ദ്വിദീയ &സൂക്ഷ്മ മൂലകങ്ങൾ | 17500തെങ്ങുകൾ | 65,625 |
| 3 | ജൈവ വളം | 17500തെങ്ങുകൾ | 4,37,500 |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പദ്ധതി മുഖേന മണ്ഡലത്തിനായി എത്ര തുക അനുവദിച്ചുവെന്നും നാളിതുവരെ എത്ര തുക ചെലവായിട്ടുണ്ടെന്നും അറിയിക്കുമോ; | (ബി) | പ്രസ്തുത പദ്ധതി മുഖേന ആലത്തൂർ മണ്ഡലത്തിൽ 30,88,246/- രൂപ അനുവദിക്കുകയും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | മണ്ഡലത്തിലെ ഏതൊക്കെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലാണ് പ്രസ്തുത പദ്ധതി നടപ്പാക്കാത്തതെന്നും അവിടെയൊക്കെ പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ എന്നും അറിയിക്കാമോ? | (സി) | കിഴക്കഞ്ചേരി, കുഴൽമന്ദം, തേങ്കുറിശ്ശി, മേലാർകോഡ് എന്നീ പഞ്ചായത്തുകളിൽ കേരഗ്രാമം പദ്ധതി ഇതുവരെ നടപ്പിലാക്കിയിട്ടില്ല. മാനദണ്ഡങ്ങൾ പ്രകാരം കീടരോഗ ആക്രമണം കൂടുതൽ ഉള്ള പ്രദേശങ്ങൾക്ക് പരിഗണന നൽകി 100 ഹെ തെങ്ങു കൃഷി ഉള്ള പഞ്ചായത്തുകളിൽ, കേരഗ്രാമം പദ്ധതി നടപ്പിലാക്കി വരുന്നു. മാനദണ്ഡങ്ങൾ പാലിച്ച് മറ്റു പഞ്ചായത്തുകളിൽ കേരഗ്രാമം പദ്ധതി ഫണ്ടിന്റെ ലഭ്യതയനനുസരിച്ച് വരും വർഷങ്ങളിൽ നടപ്പിലാക്കുന്നകാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ